കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

## കാട്ടൂർ ഗ്രാമപഞ്ചായത്ത്
## 2017-2018

## ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

E-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി7)341/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ- 680 020

ഫോൺ-0487 2331249

Email: dotsr.ksad@kerala.gov.in

തിയ്യതി:21.05.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി7)341/19 തിയ്യതി:21.05.19

## തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 23-06-2017 മുതൽ 21-02-19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 വർഷത്തിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.02.2019 മുതൽ<br>02.03.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ബേബി പി.വി.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശിവദാസൻ എ.കെ.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സ്റ്റാൻലി പി.എസ്.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജീജോ ജോബ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. മനോജ് വലിയപറമ്പിൽ<br>01.04.17 മുതൽ 31.03.18 വരെ. |
| സെക്രട്ടറി | ശ്രീ.ഷാജിക്. എം.എച്ച്.<br><br>01.04.17 മുതൽ 31.03.18 വരെ. |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ. | ശ്രീമതി.ഭാനുശാലിനി. | 01.04.17മുതൽ 31.03.18 വരെ. |
| വെറ്ററിനറി സർജൻ | ഡോ.ശ്യാമ.എസ്.എം. | 01.04.17മുതൽ 31.03.18 വരെ. |
| അസിസ്റ്റന്റ് സെക്രട്ടറി | ഷാജി.ആർ.എസ് | 01.04.17മുതൽ 31.03.18 വരെ. |
| അസിസ്റ്റന്റ്എഞ്ചിനീയർ | സിമി വി.യു | 01.04.17മുതൽ 31.03.18 വരെ. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | ഹൃദ്യ.എൻ. | 01.14.2017 മുതൽ<br><br>31.03.18 വരെ. |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി., കാട്ടൂർ. | ഡോ. എം.വി റോഷ് | 01.04.17മുതൽ 31.03.18 വരെ. |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സ്മിത തോമസ് | 01.04.17മുതൽ 31.03.18 വരെ. |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, | ദീപ എസ് | 01.04.17മുതൽ 31.03.18 വരെ. |
| | ടിറ്റോ കല്ലിവളപ്പിൽ | 01.04.17മുതൽ 31.03.18 വരെ. |
| ഹെഡ് മിസ്ട്രസ്,ജി.യു.പി.എസ്. | സുമംഗലി.എം.എസ് | 01.04.17മുതൽ 13.07.17 വരെ. |
| | അസീസ്.ടി. | 14.07.17മുതൽ 28.09.17 വരെ. |
| | ശാലിനി.എസ്. | 30.09.17മുതൽ 31.03.18 വരെ. |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനില.ടി.തെയ്യഞ്ചേരി | 01.04.17 മുതൽ 23.07.17 വരെ. |
| | ഐഷാ മുരളി | 24.07.17 മുതൽ 31.03.18 വരെ. |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റുകൾ അനുവദിക്കൽ - വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്. | 2-1 |
| 14 | "സഞ്ചയ" സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. | 2-2 |
| 15 | ഡി & ഒ ലൈസൻസ് സംബന്ധിച്ച് | 2-3 |
| 16 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-4 |
| 17 | കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് തനത് വരുമാനമാക്കാവുന്നതാണ്. | 2-5 |
| | ഭാഗം- 3 | |

| | | |
|---|---|---|
| 18 | യൂത്ത് എക്സലൻസ് സെന്ററിലേക്ക് വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നു. സെന്റർ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-1 |
| 19 | ഗുണഭോക്തൃവിഹിതം ഈടാക്കേണ്ട പദ്ധതിയിൽ അത് ഈടാക്കിയിട്ടില്ല. ആകെ 7489 രൂപ പദ്ധതിവിഹിതം അധികം ചിലവിടാനിടയാക്കി. | 3-2 |
| 20 | സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത പ്രോജക്ടിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ല. 40000 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-3 |
| 21 | നിശ്ചിത സമയത്തിനുള്ളിൽ കരാർ വെച്ചില്ല. വൈകി വെച്ച കരാറിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.1332 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്. | 3-4 |
| 22 | നിശ്ചിത സമയത്ത് പണി പൂർത്തീകരിച്ചിട്ടില്ല. പ്രത്യേക കാരണങ്ങളൊന്നുമില്ലാതിരുന്നിട്ടും പിഴ ഈടാക്കിയില്ല. 4243 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്. | 3-5 |
| 23 | സർവ്വീസ് ടാക്സ് ഒടുക്കാതെ കരാറുകാരൻ കൈവശം വെച്ചു. 8849 രൂപ തിരിച്ച് ഈടാക്കേണ്ടതാണ്. | 3-6 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-7 |
| 25 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-8 |
| 26 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-9 |
| 27 | കന്നുകുട്ടി പരിപാലനം -അപാകതകൾ. | 3-10 |

| | | |
|---|---|---|
| 28 | മരാമത്തുഫയലുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ. | 3-11 |
| | ഭാഗം 4 | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 36 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 39 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |
| 40 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം -2 |

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.17 തിയതിയിലെ തീരുമാനം (1) പ്രകാരവും റിവൈസ്ഡ് ബജറ്റ് 20.03.18 തിയതിയിലെ തീരുമാനം (2) പ്രകാരവും അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 9,44,24,715/- രൂപയും, ചെലവ് 9,45,42,895/- രൂപയും ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | ഓഡിറ്റിനായി സ്വീകരിച്ച തീയതി |
|---|---|---|---|
| 31.07.2018 | 21.05.18 | ------ | 21.05.19 |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018 & 28.06.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(28)/13.07.2018 |

### 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് ₹ | 73,01,584 |
| വരവ് ₹ | 3,98,75,124 |
| ആകെ ₹ | 4,71,76,708 |
| ചെലവ് ₹ | 4,43,05,012 |
| നീക്കിയിരിപ്പ് ₹ | 28,71,696 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 82,47,300 | 82,47,300 | 79,91,360 | 2,55,640 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 58,66,416 | 58,66,416 | 58,66,416 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 38,57,000 | 38,57,000 | 24,59,183 | 13,97,817 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 25,91,000 | 25,91,000 | 14,96,251 | 10,94,749 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 38,73,631 | 38,73,631 | 35,49,092 | 3,24,539 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) സംസ്ഥാനം&കേന്ദ്രം | | 0 | 9,57,243 | 9,57,243 | 8,45,692 | 1,11,551 |
| സാക്ഷരത | | 5,813 | 218 | 6,031 | 0 | 6,031 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 87,34,845 | 87,34,845 | 87,34,845 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 358 | 10,24,524 | 10,24,882 | 10,20,570 | 4,312 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ടി.എസ്.സി | 9,673 | 3,73,474 | 3,83,147 | 73,140 | 3,10,007 |
| | ഐ.സി.ഡി.എസ്. | 4,94,790 | 2,98,289 | 7,93,079 | 2,52,751 | 5,30,328 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി | 25,000 | 12,500 | 37,500 | 16,700 | 20,800 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 3,78,870 | 6,05,000 | 9,83,870 | 6,05,000 | 3,78,870 |
| | ജില്ലാ പഞ്ചായത്ത് | 2,05,489 | 3,06,250 | 5,11,739 | 2,36,250 | 2,75,489 |
| ബി ഫണ്ട് | തൊഴിൽ രഹിതവേതനം | 0 | 20,640 | 20,640 | 20,640 | 0 |
| | വാർദ്ധക്യകാല പെൻഷൻ | 0 | 1,36,82,300 | 1,36,82,300 | 1,36,82,300 | |
| | കർഷകത്തൊഴിലാളി പെൻഷൻ | 0 | 28,73,400 | 28,73,400 | 28,73,400 | |
| | അവിവാഹിത പെൻഷൻ | 0 | 7,54,400 | 7,54,400 | 7,54,400 | |
| | വിധവ പെൻഷൻ | 0 | 94,08,300 | 94,08,300 | 94,08,300 | |
| | വികലാംഗ പെൻഷൻ | 0 | 26,26,300 | 26,26,300 | 26,26,300 | |
| | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 1,20,000 | 1,20,000 | 1,20,000 | 0 |
| | ഉത്പാദനബോണസ് | 0 | 1,92,400 | 1,92,400 | 1,92,400 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 16,25,965 | 63,92,544 | 80,18,509 | 76,06,090 | 4,12,419 |
| തനത് ഫണ്ട് | കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് | 29,44,729 | 1,18,64,492 | 1,48,09,221 | 1,21,18,009 | 26,91,212 |
| | ട്രഷറി എസ്.റ്റി.എസ്.ബി. | 41,43,546 | 68,38,208 | 1,09,81,754 | 1,05,69,335 | 4,12,419 |
| | ജോയിന്റ് വെഞ്ച്വർ എസ്.റ്റി.എസ്.ബി. | 0 | 9,36,250 | 9,36,250 | 13,78,256 | (-)4,42,006 |
| | TDCB, F.D. | 15,84,711 | 1,30,739 | 17,15,450 | 0 | 17,15,450 |
| | ഇ-പേയ്മെന്റ് | 8,659 | 57,641 | 66,300 | 2,522 | 63,778 |
| എം.ജി.എൻ.ആർ.ഇ.ജി.എ | | 358 | 11,83,524 | 11,83,882 | 11,79,570 | 4,312 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 5,813 | 218 | 6,031 | 0 | 6,031 |
| കോ-ഓപ്പറേറ്റീവ് ബാങ്ക്, എം.എൻ.ലക്ഷം.വീട് | 1,16,726 | 5,253 | 1,21,979 | 0 | 1,21,979 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 127 | 3,83,09,088 | 94 | 2,55,02,379 | 94 | 28 | 5 | 74.01 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 358 | 10,24,524 | 10,24,882 | 10,20,570 | 4,312 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 87,34,845 | 87,34,845 | 87,34,845 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20,640 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 28,73,400 | 1,035 |
| വിധവാപെൻഷൻ | 94,08,300 | 3,169 |
| വാർദ്ധക്യകാലപെൻഷൻ | 1,36,82,300 | 4,238 |
| വികലാംഗപെൻഷൻ | 26,26,300 | 876 |
| അവിവാഹിത പെൻഷൻ | 7,54,400 | 271 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 1,20,000 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 45,969/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും വൗച്ചറുകളും യഥാവിധി പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.ഫ്രണ്ട് ഓഫീസ് ഡയറി ശരിയായ രീതിയിൽ പരിപാലിക്കുന്നുണ്ട്. ജീവനക്കാർക്ക് യഥാക്രമം ജോലികൾ വിഭജിച്ച് നൽകിയിട്ടുണ്ട്. ഇൻക്യുബൻസി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്. 2017-18 വർഷത്തിൽ ഉപയോഗിച്ചതും നിലവിൽ ഉപയോഗിക്കാത്തതുമായ മാനുവൽ രസീത് ബുക്കുകളിലെ ഉപയോഗിക്കാത്ത രസീതുകൾ കാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.01.2019 | 12/2018 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.02.13 മുതൽ 12.03.13 വരെ | 2007-08 മുതൽ 2011-12 വരെ | 22.04.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(2) (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**2.1തൻവർഷം**

- റെസിഡൻഷ്യൽ, നോൺ-റെസിഡൻഷ്യൽ വെവ്വേറെ ഡി.സി.ബി. സംക്ഷിപ്തം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

- 2016-17 ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9 പ്രകാരം വസ്തു നികുതിക്ക് 2017-18-ലേക്ക് അഡ്വാൻസ് കളക്ഷൻ 10,23,755/- രൂപയാണ് വന്നിട്ടുള്ളത്. എന്നാൽ 1,95,852/- രൂപ തൻവർഷത്തേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്തതായി സഞ്ചയ ഡി.സി.ബി. പ്രകാരം കാണുന്നു

- 828743/- രൂപ തൻവർഷ അധിക കളക്ഷനും 41619/- രൂപ അരിയർ അധിക കളക്ഷനും കൂട്ടി 870362/- രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9-ൽ വരേണ്ടതിനു പകരം 827976/- രൂപയാണ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9-ൽ വന്നിട്ടുള്ളത് (Rp 36 പ്രകാരം അഡ്വാൻസ് കളക്ഷൻ ഇല്ല.) വ്യത്യാസം 42386/- രൂപ.

**സഞ്ചയ മറ്റു അപാകതകൾ**

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വസ്തുനികുതിയുടെ 5% എന്ന നിരക്കിലല്ല ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിരിക്കുന്നത്. സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി കണക്കുകൂട്ടുന്ന തുകയിൽ വ്യത്യാസം വന്നിട്ടുണ്ട്.

2.1.1റെസിഡൻഷ്യൽ & നോൺ-റെസിഡൻഷ്യൽ ആകെ തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2761775 | 2569185 | 195852 | 3262 (അധിക കളക്ഷൻ) |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2761775 (റസി-1746806+ നോൺ റസി-1014969) | 2566763 (റസി-1601641+ നോൺ റസി-965122) | 1023755 (റസി-656560+ നോൺ റസി-367195) | 828743/- അധിക കളക്ഷൻ ബാക്കിയായി വരേണ്ടത്. 527630/- രൂപ റസിഡൻഷ്യൽ അഡ്വാൻസ് കളക്ഷനും 300346/- രൂപ നോൺ-റെസിഡൻഷ്യൽ അഡ്വാൻസ് കളക്ഷനും ആയി ആകെ 827976/-രൂപ B9 ലേക്ക് അഡ്വാൻസ് കളക്ഷൻ വന്നിട്ടുണ്ട്. എന്നാൽ RP 36 പ്രകാരം അഡ്വാൻസ് |

| | | | | |
|---|---|---|---|---|
| | | | | കളക്ഷൻ ഇല്ല. വ്യത്യാസം<br>767/-രൂപ |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (2016-17 AFS 350410101-Advance collection-PT on Res. Bldg,350410104-Advance collection-PT on Non Res. Bldg,-ന്റെ ലെഡ്ജറുകൾ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15, ബി 9) |

2.1.2 അരിയർ റെസിഡൻഷ്യൽ & നോൺ-റെസിഡൻഷ്യൽ ആകെ തുകയെ അടിസ്ഥാനമാക്കിയത്

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 130575 | 130575 | ഇല്ല | ഇല്ല |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 92282* | 133901 | | 41619/- ആകെ അധിക കളക്ഷനിൽ 33954/- രൂപ റെസിഡൻഷ്യൽ അഡ്വാൻസ് കളക്ഷനിലേക്കും<br>7665/- രൂപ നോൺ റസിഡൻഷ്യൽ അഡ്വാൻസ് കളക്ഷനിലേക്കും ആയാണ് വരേണ്ടത്. |
| | (2016-17 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), * (റെസിഡൻഷ്യൽ കറന്റ്& അരിയർ ബാലൻസ് (18197+78699)/105x100 =) 92282രൂപ | (റസി-51285+നോൺ-റസി-82616)<br>റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9) |

- I-18 ഷെഡ്യൂൾ പ്രകാരം 280100104-Prior period income -Property tax on non residential buildings എന്ന ശീർഷകത്തിൽ 25038/-രൂപ , 280100101-Prior period income -Property tax on residential buildings എന്ന ശീർഷകത്തിൽ 16498/- രൂപ, എന്നിവ വരവായി ചേർത്തു കാണുന്നു

1/4/2017-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്സ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

**മേൽ കാരണങ്ങളാൽ വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.**

3. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി))

4. contribution for Joint venture Projects (Revenue Expenditure) District Panchayaths എന്ന ശീർഷകത്തിൽ 306250/- തൻവർഷ വരവടക്കം 327713/- രൂപയുള്ളതിൽ ഗ്രാന്റ് രജിസ്റ്റർ പ്രകാരം ചെലവഴിച്ചത് 236250/- രൂപ. 91463/- രൂപ ബാലൻസ്. എന്നാൽ ഷെഡ്യൂൾ I6 പ്രകാരം 250250/- രൂപയാണ് ചെലവായി കാണിച്ചിട്ടുള്ളത്. ബാലൻസ് ഷീറ്റ് B 4പ്രകാരം 77463/- ബാലൻസും വന്നിട്ടുണ്ട്.ആയത് AFS ൽ ക്രമീകരിക്കേണ്ടതാണ്

contribution for Joint venture Projects (Revenue Expenditure) Block Panchayaths എന്ന ശീർഷകത്തിൽ 605000/- തൻവർഷ വരവടക്കം ആകെ 983870/- രൂപയുള്ളതിൽ ഗ്രാന്റ് രജിസ്റ്റർ പ്രകാരം ചെലവഴിച്ചത് 605000/-രൂപ/- 378870 രൂപ ബാലൻസ്. എന്നാൽ I6 പ്രകാരം 591000/- രൂപയാണ് ചെലവായി കാണിച്ചിട്ടുള്ളത്. ബാലൻസ് ഷീറ്റ് B4പ്രകാരം 392870/- ബാലൻസും വന്നിട്ടുണ്ട്. ആയത് AFS-ൽ ക്രമീകരിക്കേണ്ടതാണ്.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. രജിസ്റ്ററിൽ Cost, Depreciation എന്നീ ശീർഷകങ്ങൾ ഉണ്ടെങ്കിലും സചിത്ര സോഫ്റ്റ്വേർ അപ്ഡേറ്റ് ചെയ്യാത്തതിനാൽ മൂല്യം രേഖപ്പെടുത്തപ്പെടുന്നില്ല.

6. B11 ഷെഡ്യൂൾ പ്രകാരം Roads & Bridges-411300100, Waste treatment others-411310101, Movable Assets-410710199, other Fixed Assets- 410800101 എന്നീ ശീർഷകങ്ങളിലെ ആസ്തി തുകകളും ഡെപ്രിസിയേഷൻ വർക്ക് ഷീറ്റ് പ്രകാരമുള്ള accumulated depreciation-നും പൊരുത്തപ്പെടുന്നില്ല.

7 .ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 882825 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം, വില രേഖപ്പെടുത്തി വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

8. ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2018 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (16498) |
| 280100102-Prior period income -Profession tax Institutions/Professionals/Traders | (3400) |
| 280100104-Prior period income-Property tax on non residential buildings | (25038) |
| 280800101-Prior period —Establishment Expenses | (9756) |
| 280800201 -Prior period—Administrative Expenses | (20) |

9. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net Decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (4,429,888) രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2017-18 കാലയളവിൽ "Net cash used up by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1,171,933) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

10. TDCBയിലുള്ള തനതുഫണ്ട് അക്കൗണ്ടിന്റെ 31/3/2018-ലെ ബാങ്ക് റീകൺസീലിയേഷനിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|
| 21600887 | 2.2.2017 | 500/- |
| 21600647 | 08.12.2016 | 10000/- |
| 21500799 | 29.01.2016 | 1000/- |
| 21500704 | 18.12.2015 | 450/- |
| 21400132 | 22.5.2014 | 400/- |
| | ആകെ | 12350/- |

11. Advance to implementing agencies എന്ന ശീർഷകത്തിൽ 18,866 രൂപ വരവുള്ളതായി RP-47 schedule-ൽ കാണുന്നുണ്ട്. Advance register പരിശോധിച്ചതിൽനിന്നും പ്രസ്തുത തുക മുൻവർഷങ്ങളിലെ തുക adjust ചെയ്ത തുകയിൽ ഉൾപ്പെട്ടതാണ്. KWA- യിൽ നിന്നും ലഭിച്ച ഈ തുക തനതു ഫണ്ടൊഴികെയുള്ള മറ്റേതെങ്കിലും വിഭാഗത്തിൽ

ഉൾപ്പെടുന്നതാണെങ്കിൽ നിലവിലുള്ള ഉത്തരവു പ്രകാരം സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. അത്തരത്തിലുള്ള ഫണ്ടുകൾ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തേണ്ടതാണ്.

12.നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ്ബുക്ക് 7A കാഷ്ബുക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. (പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 16))

13. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണവും ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകൾക്ക് പെർമിറ്റുകൾ അനുവദിക്കൽ - വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്.

2017-18 വർഷത്തിലും മുൻവർഷങ്ങളിലും നിലവിലുള്ള കെട്ടിടങ്ങളിലെ നിർമ്മിതികൾക്കായി പെർമിറ്റുകൾ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വർദ്ധിച്ച തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിക്കപ്പെടുന്നുണ്ടോ എന്നും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിലില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.09/17-18 തീയതി 01/03/19) നൽകിയ മറുപടിയിൽ നിലവിൽ കെട്ടിടങ്ങളുടെ നിർമ്മിതിക്കായി പെർമിറ്റുകൾ നൽകിയത് പ്രകാരം പൂർത്തിയാക്കിയ നിർമ്മിതികളിൽ തറവിസ്തീർണ്ണത്തിൽ മാറ്റം വരുന്നതിന് വസ്തുനികുതി പുനർനിർണ്ണയിക്കാറുണ്ടെന്നും മുൻവർഷങ്ങളിൽ ഇത്തരത്തിൽ പെർമിറ്റ് നൽകിയ എല്ലാ കെട്ടിടങ്ങളും ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തുന്നതിന് സ്റ്റാഫ് പരിമിതി ഉള്ളതിനാൽ സാധിക്കാറില്ലെന്നും അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ശ്രദ്ധയിൽപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കാറുണ്ടെന്നും (ഉദാ-10/247, 7/68, 6/250 എന്നീ കെട്ടിടങ്ങൾ) നിലവിലുള്ള കെട്ടിടത്തോട് ചേർത്ത് നിർമ്മാണം നടത്തിയിട്ടുള്ള മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തി തറവിസ്തീർണ്ണത്തിനനുസൃതമായി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ പൂർത്തീകരണപ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം കെട്ടിടത്തിന്റെ പഴയനികുതിക്ക് പകരം വർദ്ധിച്ച തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതിയിൽ വർദ്ധനവ് വരുത്തുന്നതിന് സാധിക്കുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തുകയും തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതിയിൽ വർദ്ധനവ് വരുത്തുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 2-2 "സഞ്ചയ" സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്.

സാംഖ്യയിലും സഞ്ചയയിലും രേഖപ്പെടുത്തപ്പെട്ട വസ്തുനികുതി വിവരങ്ങളിലെ പൊരുത്തക്കേടുകൾ ഖണ്ഡിക 1-12 അനുബന്ധം-2 ൽ വിശദമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 08/17-18

തീയതി 28/02/19) മറുപടിയിൽ സഞ്ചയയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രശ്നങ്ങൾ നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്.

1. ഡാറ്റാ പ്യൂരിഫിക്കേഷൻ ചെയ്തപ്പോൾ ചില കെട്ടിടങ്ങൾക്ക് ഡിമാന്റ് കൂടുകയും അരിയർ ജനറേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില കെട്ടിടങ്ങൾക്ക് ഡിമാന്റ് കുറയുകയും അടച്ച തുക അഡ്വാൻസ് ആകുകയും ചെയ്തു. സഞ്ചയ സാംഖ്യ ഇന്റഗ്രേഷന് ശേഷം ടി കെട്ടിടങ്ങൾക്ക് ഇങ്ങനെ ഒരു മാറ്റം വരുത്തണം എന്നത് സോഫ്റ്റ് വെയർ മുൻപ് ചൂണ്ടിക്കാണിക്കുകയോ Discripency ലിസ്റ്റിൽ കാണിക്കുകയോ ചെയ്തിട്ടില്ല.

2. 2000 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് പ്യൂരിഫിക്കേഷൻ വിൻഡോയിൽ ഓപ്പൺ ചെയ്തതിന് ശേഷം 2013-14 മുതൽ അരിയർ തുക കാണിക്കുന്നു. എന്നാൽ മുൻവർഷങ്ങളിലൊന്നും ഇങ്ങനെയുള്ള വ്യത്യാസം കാണിച്ചിരുന്നില്ല.

3. ഡാറ്റാ പ്യൂരിഫിക്കേഷൻ 100 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 ൽ 100 ശതമാനം നികുതി പിരിവ് പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഡാറ്റാ പ്യൂരിഫിക്കേഷന് ശേഷം പല കെട്ടിടങ്ങൾക്കും നികുതി കുടിശ്ശിക വന്നിരിക്കുന്നു.

4. സഞ്ചയയിൽ ഒരു കെട്ടിടത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ കെട്ടിടത്തിന്റെ കാലപ്പഴക്കവും രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ കാലാനുസൃതമായി കെട്ടിടത്തിന്റെ കാലപ്പഴക്കത്തിൽ മാറ്റങ്ങൾ സഞ്ചയയിൽ അപ്ഡേറ്റ് ആകുന്നില്ല.

സഞ്ചയയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ഡി & ഒ ലൈസൻസ് സംബന്ധിച്ച്

<u>ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.</u>

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസ് ഇനത്തിൽ 2016-17 വർഷത്തെ അപേക്ഷിച്ച് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എങ്കിലും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള 1068 കച്ചവടക്കാരിൽ 379പേർ മാത്രമേ 2017-18 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളു എന്ന് കാണുന്നു. ട്രേഡേഴ്സ് ലിസ്റ്റിൽ നിരവധി കച്ചവടസ്ഥാപനങ്ങൾ "പ്രവർത്തിക്കുന്നില്ല" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 517 കച്ചവട സ്ഥാപനങ്ങളുള്ള 13-ാം വാർഡിൽ 87 കച്ചവടസ്ഥാപനങ്ങൾ "പ്രവർത്തിക്കുന്നില്ല / പൂട്ടിക്കിടക്കുന്നു" എന്നാണ് കാണുന്നത്. 70 കച്ചവടസ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തതായി ട്രേഡേഴ്സ് ലിസ്റ്റിൽ കാണുന്നുള്ളൂ. അതായത് ഭൂരിഭാഗവും കച്ചവടക്കാരും ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് എന്നാണ് ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം വ്യക്തമാകുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/17-18 തീയതി 01/03/19) അസസ് മെന്റ് രജിസ്റ്റർ പ്രകാരം 1068 വാണിജ്യ / വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിലും നിലവിൽ എല്ലാ കെട്ടിടങ്ങളും കച്ചവടസ്ഥാപനങ്ങളായി പ്രവർത്തിക്കുന്നില്ല എന്നും ഫീൽഡ് തല അന്വേഷണത്തിന് ശേഷമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റിൽ പ്രവർത്തിക്കുന്നില്ല എന്ന് രേഖപ്പെടുത്തിയ കെട്ടിടങ്ങൾ പൂട്ടിക്കിടക്കുന്നതോ ജീർണ്ണാവസ്ഥയിലുള്ളതോ പൊളിഞ്ഞു വീഴാറായ അവസ്ഥയിലുള്ളതോ ആണെന്നും ആയതിനാൽ പഞ്ചായത്തിന് യാതൊരുവിധ ധനനഷ്ടവും സംഭവിച്ചിട്ടില്ലെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

എന്നാൽ മേൽ പ്രസ്താവിച്ച ഉദാഹരണത്തിൽ 13-ാം വാർഡിൽ 517 കെട്ടിടങ്ങളിൽ ട്രേഡേഴ്സ് പട്ടിക പ്രകാരം 70 കച്ചവടസ്ഥാപനങ്ങൾ ലൈസൻസ് എടുത്തവയും 87 എണ്ണം പൂട്ടിക്കിടക്കുന്നവയുമാണ്. ബാക്കി 360 കെട്ടിടങ്ങളിൽ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ലൈസൻസ് എടുത്ത വിവരങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ചേർക്കേണ്ടതുമാണ്.

<u>(സി) റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി.&ഒ. ലൈസൻസ് ചട്ടങ്ങളിൽ (പട്ടിക1, ക്രമ നം.149) ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി(നം.10/17-18 തീയതി 01/03/19) പഞ്ചായത്ത് പരിധിയിൽ 8 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവ നിലവിൽ ലൈസൻസ് എടുത്തിട്ടില്ലെന്നും 2019-20 വർഷത്തിൽ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . റേഷൻ ഷോപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതുമൂലം ലൈസൻസ് ഫീസിനത്തിലും ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിലും വരുമാന നഷ്ടം സംഭവിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നികുതി ഈടാക്കുന്നതിനും റേഷൻ റീട്ടെയിൽ ഡിപ്പോകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

(ബി)ലൈസൻസ് അപേക്ഷകളിലെ അപാകതകൾ

ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് അപേക്ഷയിലെ എല്ലാ കോളങ്ങളും അപേക്ഷകൻ പൂരിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ലൈസൻസ് അപേക്ഷകളിൽ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവ കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്.

2017-18 വർഷത്തിൽ ലൈസൻസ് അനുവദിച്ച പല അപേക്ഷകളിലും പ്രതിദിന വിറ്റുവരവ്, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ രേഖപ്പെടുത്തിക്കാണുന്നില്ല. എല്ലാ ഡി&ഒ ലൈസൻസ് അപേക്ഷകളിലും പ്രത്യേകിച്ച് പുതിയ ലൈസൻസ് അനുവദിക്കുമ്പോൾ ലൈസൻസ് ഫീസ് തീരുമാനിക്കുന്നത് പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ്. ലൈസൻസ് അനുവദിക്കേണ്ടത് വ്യക്തമായ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പല അപേക്ഷകളിലും ഇക്കാര്യം പാലിച്ചു കാണുന്നില്ല.

ഉദാ:-ലൈസൻസ് നമ്പർ- A114, A148, A233, A243 മുതലായവ.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.10/17-18 തീയതി 01/03/19) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

2017-18 വർഷത്തിൽ സ്ഥാപനത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്ത വ്യക്തികൾ, കരാറുകാർ, പ്രൊഫഷണലുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ തൊഴിൽ നികുതി

പൂർണ്ണമായും അസസ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് (നം.13/17-18 തീയതി 01/03/19) മറുപടി നൽകിയിട്ടില്ല.

(എ)കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ്മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി അടച്ചതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

(ബി)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിൽ വീഴ്ച

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സത്കാര ബീർ & വൈൻ പാർലർ | 11 |
| 2 | ടി.കെ.ബി.ട്രേഡേഴ്സ് | 12 |
| 3 | മന ട്രേഡ്സ് | 12 |
| 4 | ഐശ്വര്യ പോളിമേഴ്സ് | 12 |
| 5 | മഹിമ റബ്ടെക് | 12 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലുടമകളോട് ജീവനക്കാരുടെ പേരു വിവരവും, വരുമാനവും സംബന്ധിച്ച് അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭ്യമാകുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിക്കുന്നതിന് ഭാവിയിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(സി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2017-18 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

1. MKSP ബ്ലോക്ക് കോ-ഓർഡിനേറ്റർ

2. AE ഓഫീസ്, കാട്ടൂർ

## 2-5 കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് തനത് വരുമാനമാക്കാവുന്നതാണ്.

1996-ലെ കേരള ബിൾഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കെട്ടിടത്തൊഴിലാളി ക്ഷേമനിധി യിലേക്ക് പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/17-18 തീയതി. 01/03/2019)മറുപടി ലഭ്യമാക്കിയിട്ടില്ല . ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 യൂത്ത് എക്സലൻസ് സെന്ററിലേക്ക് വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നു. സെന്റർ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ. 43/18

ബിൽ നമ്പർ. 24/17-18 തിയ്യതി. 24/03/2018 തുക.34950

ബിൽ നമ്പർ. 19/17-18 തിയ്യതി. 27/02/18 തുക . 25000

ഫണ്ടിനം. പ്രത്യേക ഘടക പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസി.സെക്രട്ടറി

മരാമത്ത് പ്രോജക്ട് നമ്പർ.31/17-18

ബിൽ നമ്പർ. 12/17-18 തിയ്യതി. 30/06/2017 തുക. 93121/-

മുനയം പട്ടിക ജാതി സമുച്ചയത്തിന് മുകളിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ഉടമസ്ഥതയിലുള്ള യൂത്ത് എക്സലൻസ് സെന്ററിലേക്ക് ഓഡിറ്റ് വർഷം 34950 രൂപ ചിലവിട്ട് ഡെസ്ക് ടോപ്പ് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. കൂടാതെ 25000 രൂപ ചിലവിട്ട് 132 പുസ്തകങ്ങളും വാങ്ങിയിട്ടുണ്ട്. ഈ സെന്റർ മെയിന്റനൻസിനായി ഓഡിറ്റ് വർഷം 93121 രൂപ ചിലവിട്ടിട്ടുണ്ട്. പട്ടികജാതി യുവതി യുവാക്കൾക്ക് വിവിധ പരിശീലനങ്ങൾ നൽകുന്നതിനാണ് സെന്റർ സ്ഥാപിച്ചത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കുകയുണ്ടായി എന്നാൽ സെന്റർ ഉദ്ദേശിക്കുന്ന തരത്തിൽ പ്രവർത്തന ക്ഷമമല്ല എന്ന് കാണുന്നു. പരിശീലനങ്ങൾ ഒന്നും നടക്കുന്നില്ല. സെന്റർ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 ഗുണഭോക്തൃവിഹിതം ഈടാക്കേണ്ട പദ്ധതിയിൽ അത് ഈടാക്കിയിട്ടില്ല. ആകെ 7489 രൂപ പദ്ധതിവിഹിതം അധികം ചിലവിടാനിടയാക്കി.

പ്രോജക്ടിന്റെ പേര് :പട്ടികജാതി യുവാക്കൾക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ.

പ്രോജക്ട് നമ്പർ.56/18

ബിൽ നമ്പർ. 25/17-18തി.28/03/2018

തുക. 149780

ഫണ്ടിനം.പ്രത്യേക ഘടകപദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസി.സെക്രട്ടറി.

ഈ പ്രോജക്ടിന്റെ ഭാഗമായി 15 പേർക്ക് ചെണ്ട വിതരണം ചെയ്തിട്ടുണ്ട്. ആകെ 149780 രൂപ ചെലവിട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം. 80/2017 തസ്വഭവ 03.04.2017 . ഖണ്ഡിക.11.8.9 പ്രകാരം ആകെ ചെലവിന്റെ 5% തുക ഗുണഭോക്തൃവിഹിതമായി പിരിച്ചെടുക്കേണ്ടതുണ്ട്. എന്നാൽ ഈ പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കാതെ നേരിട്ട് ചിലവഴിക്കുന്നതായിട്ടാണ് കാണുന്നത്. ഇത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ് എന്നു കാണുന്നു. എന്നാൽ നിർവ്വഹണോദ്യഗസ്ഥന്റെ മറുപടിയിൽ ചെണ്ട മാത്രമാണ് വിതരണം നടത്തിയത് എന്നും അനുബന്ധ വാദ്യങ്ങളായ ഇലത്താളം മുതലായവ കലാകരാൻമാർ നേരിട്ടാണ് വാങ്ങിയത് എന്നും ആയത് ഗുണഭോക്തൃവിഹിതം നേരിട്ട് ചിലവിട്ടതായി കണക്കാക്കണമെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് ഈ മറുപടി പരിശോധിച്ചു. ഗുണഭോക്തൃവിഹിതം നേരിട്ട് ചിലവഴിക്കാൻ നിലവിൽ വ്യവസ്ഥയില്ല എന്നതിനാൽ പ്രത്യേകം സർക്കാരിന്റെ അനുമതിയോടു കൂടി മാത്രമേ മേൽപ്രകാരം പദ്ധതി നടപ്പാക്കാനാകൂ എന്നുള്ളതിനാൽ ഈ മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല എന്നു കാണുന്നു.ഇപ്രകാരം പദ്ധതി നടപ്പിലാക്കിയതിനാൽ ആകെ ചിലവ് 149780 രൂപയുടെ 5% തുകയായ 7489 രൂപ അധികമായി പദ്ധതി വിഹിതത്തിൽ നിന്ന് ചെലവായിട്ടുണ്ട്. അധികം ചിലവായ തുക ഉത്തരവാദികളിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത പ്രോജക്ടിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ല. 40000 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ. 50/2018

പ്രോജക്ടിന്റെ പേര്. അക്വാപോണിക്സ് മത്സ്യകൃഷി

ബിൽ നമ്പർ. 07 / 17-18 തിയ്യതി .17/01/2018

ബിൽ തുക. 40000

നിർവ്വഹണ ഉദ്യോഗസ്ഥൻ. കൃഷി ഓഫീസർ

2017-18 വർഷം ഗ്രാമ പഞ്ചായത്തിൽ അക്വാപോണിക്സ് യൂണിറ്റ് സ്ഥാപിക്കൽ എന്ന ഒരു പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.മത്സ്യ കൃഷിയോടൊപ്പം കൃഷിയും നടത്തുന്നതാണ് പദ്ധതി. ഇതിന്റെ ഭാഗമായി 14595 രൂപ ചിലവിൽ എസ്.കെ .അക്വാ കൺസ്പെട്ട്സ് എന്ന സ്ഥാപനം ഏഴ് വീടുകളിൽ അക്വാപോണിക്സ് യൂണിറ്റ് സ്ഥാപിക്കുകയും രണ്ട് ഗുണഭോക്താക്കൾക്ക് 5715 രൂപ നിരക്കിലും, അഞ്ച് പേർക്ക് 5714 രൂപ നിരക്കിലും ആകെ 40000 രൂപ പദ്ധതി വിഹിതം സബ്സിഡി ഇനത്തിൽ നൽകുകയുമാണ് ചെയ്തിട്ടുള്ളത്.യൂണിറ്റിന്റെ ആകെ ചിലവിന്റെ 40% രൂപയാണ് സബ്സിഡി ആയി കണക്കാക്കിയിരിക്കുന്നത്. 13-ാം പദ്ധതി (2017-18) വർഷത്തെ മാർഗ്ഗ രേഖ ഉത്തരവ് നമ്പർ (എം.എസ്) നം.80/2017 തസ്വഭവ.തി. 03/04/2017 ൽ ഇത്തരമൊരു പ്രോജക്ടോ ഇതിനു സമാനമായ പ്രോജക്ടോ ഉൾപ്പെട്ടിട്ടില്ല. മാർഗ്ഗ രേഖയിൽ ഉൾപ്പെടാത്ത പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. യൂണിറ്റ് കോസ്റ്റ് സബ്സിഡി ശതമാനം എന്നിവ നിശ്ചയിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥനാണ്. മറ്റേതെങ്കിലും ഏജൻസി ആയതിന് അംഗീകാരം നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ സർക്കാർഅംഗീകാരം ലഭ്യമാകുന്നതു വരെ 40000 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 നിശ്ചിത സമയത്തിനുള്ളിൽ കരാർ വെച്ചില്ല. വൈകി വെച്ച കരാറിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.1332 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ ചേർക്കുന്ന രണ്ട് പ്രവർത്തികൾക്ക് സെലക്ഷൻ നോട്ടീസ് പ്രകാരം നിയമാനുസൃതമുള്ള 14 ദിവസങ്ങൾക്ക് ശേഷമാണ് എഗ്രിമെന്റ് ഒപ്പിട്ടിട്ടുള്ളത്. സെലക്ഷൻ നോട്ടീസിലെ തന്നെ വ്യവസ്ഥ പ്രകാരം നിയമാനുസൃത തിയ്യതിക്കുശേഷം എസ്റ്റിമേറ്റ് പി.എ.സി യുടെ ഒരു ശതമാനം പിഴ ഈടാക്കികൊണ്ട് മാത്രമേ എഗ്രിമെന്റ് ഒപ്പിടുവാൻ പാടുള്ളൂ എന്നിരിക്കെ ഈ പ്രവർത്തികൾക്ക് പിഴ ഈടാക്കാതെ എഗ്രിമെന്റ് വെച്ചത് ശരിയല്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആകെ 1332 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 14/02.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ | പ്രവർത്തിയുടെ പേര് | സെലക്ഷൻ നോട്ടീസ് തിയ്യതി | എഗ്രിമെന്റ് വെക്കേണ്ട അവസാന തിയ്യതി | എഗ്രിമെന്റ് വെച്ച തിയ്യതി | എസ്റ്റിമേറ്റ് പി.എ.സി | പിഴത്തുക/ കരാറുകാരൻ |
|---|---|---|---|---|---|---|
| 31 | യൂത്ത് എക്സലൻസ് സെന്റർ മെയിന്റനൻസ് | 03/04/17 | 17/04/17 | 08/05/2017 | 1,11,183 | 1112/ സഗീർ പി.വി |
| 28 | നരിക്കുഴി പി.എച്ച്.സി സബ്സെന്റർ കോംപൗണ്ട് വാൾ മെയിന്റനൻസ് | 03/04/17 | 17/04/17 | 08/05/2017 | 22049 | 220/ സഗീർ പി.വി |
| | ആകെ | | | | | 1332 |

## 3-5 നിശ്ചിത സമയത്ത് പണി പൂർത്തീകരിച്ചിട്ടില്ല. പ്രത്യേക കാരണങ്ങളൊന്നുമില്ലാതിരുന്നിട്ടും പിഴ ഈടാക്കിയില്ല. 4243 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ. 5/2017-18

പ്രോജക്റ്റ് നമ്പർ. 20/2017

എഗ്രീഡ് പി.എ.സി. 424380

പ്രോജക്റ്റിന്റെ പേര്. ഇല്ലിക്കാട് രാമൻകുളം റോഡ് മെറ്റലിംഗ് ആന്റ്ടാറിംഗ് വാർഡ് 8

പാർട്ട് ബിൽ നമ്പർ.22/17-18 ,തുക.185227 തിയ്യതി. 30/01/2018

ഫൈനൽ ബിൽ നമ്പർ. 23/17-18 . 231868തിയ്യതി. 30/01/2018

എഗ്രിമെന്റ് നമ്പർ.24/AE/LSGD/KTR/16-17 Dt.21/02/2017

സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തിയ്യതി. 21.02.2017

കരാറുകാരൻ. ജോൺ.ജെ.ആലപ്പാട്ട്.

എഗ്രിമെന്റ് പ്രകാരം ഈ പ്രവർത്തി പൂർത്തിയാക്കേണ്ടത് 21/08/2017 നാണ്. എന്നാൽ എം ബുക്ക് പ്രകാരം പ്രവർത്തി പൂർത്തീകരിക്കപ്പെട്ടത് 20/12/2017 നാണ്. എഗ്രിമെന്റിലെ 7-ാമത് ഖണ്ഡികയിലെ വ്യവസ്ഥ 2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112, 2112-1 എന്നിവയിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവർത്തി വൈകാനിടയായാൽ ആകെ സമയത്തിന്റെ അഞ്ചിലൊന്ന് സമയം നീട്ടി നൽകാമെന്നുണ്ട്. എന്നാൽ ഇവിടെ പ്രവർത്തി വൈകിയിട്ടും കരാറുകാരൻ കാരണം ബോധിപ്പിക്കുകയോ, ഏതെങ്കിലും സാഹചര്യത്തിൽ അസി.എഞ്ചിനീയറുടെ റിപ്പോർട്ടിൻമേൽ പഞ്ചായത്ത് സമയം കൂട്ടി നൽകുകകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല.മാത്രമല്ല ഈ അനുവദനീയ സമയപരിധിക്കുള്ളിലും പണി പൂർത്തീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കരാറുകാരനിൽ നിന്ന് എഗ്രീഡ് തുകയുടെ 1% പിഴ ഈടാക്കേണ്ടതായിരുന്നു. പിഴ ഈടാക്കാതിരിക്കാൻ മതിയായ കാരണങ്ങളൊന്നുമില്ലാത്തതിനാൽ 4243 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-6 സർവ്വീസ് ടാക്സ് ഒടുക്കാതെ കരാറുകാരൻ കൈവശം വെച്ചു. 8849 രൂപ തിരിച്ച് ഈടാക്കേണ്ടതാണ്.

പ്രോജക്ടിൻറെ പേര്. യൂത്ത് എക്സലൻസ് സെന്റർ മെയിന്റനൻസ്

പ്രോജക്ട് നമ്പർ. 31/17-18

ബിൽ നമ്പർ. 12/17-18 Dt. 30/06/2017

തുക. 93121

കരാറുകാരൻ. സഗീർ.പി.പി

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ.

ഫണ്ടിനം.പ്രത്യേക ഘടക പദ്ധതി.

ഈ പ്രവർത്തിയുടെ ആകെ പ്രവർത്തി മൂല്യം 84272 രൂപയാണ്. പ്രവർത്തി മൂല്യത്തിന്റെ10.5% തുകയായ 8849 രൂപ സർവ്വീസ് ടാക്സ് ഉൾപ്പടെ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഈ തുക അടച്ചതായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. 12/02/19 തിയ്യതിയിൽ നൽകിയ 12 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരൻ ടാക്സ് അടച്ചിട്ടില്ല എന്നും അത് തിരിച്ചീടാക്കാനുള്ള നടപടി എടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരന്റെ കൈയ്യിൽ നിന്നും തുക ഈടാക്കേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടക്കേണ്ടതുമാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | ബിൽ നം.തിയതി.തുക | തുക നൽകിയിട്ടുള്ളത്. |
|---|---|---|
| ഐ.കെ.എം പ്രവർത്തനഫണ്ട്. S0052/18. | 3/2017-18. dtd.30.6.17. 46790/- | പ്രോജക്ട് ഡയറക്ടർ, ഐ.കെ.എം. |

| | | |
|---|---|---|
| എ.ബി.സി.പ്രോഗ്രാം<br><br>S0061/18. | 13/2017-18.<br><br>dtd.26.8.17.<br><br>25000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| ഐ.എം.എ. ബ്ലഡ്ബാങ്ക്.<br><br>S0104/18 | 15/2017-18.<br><br>dtd.26.8.17.<br><br>25000/-<br><br>20/2017-18.<br><br>dtd.19.10.17.<br><br>75000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്റർ വിഹിതം. | 14/2017-18.<br><br>dtd.26.8.17.<br><br>40000/-<br><br>21/2017-18.<br><br>dtd.19.10.17.<br><br>10000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| സമ്പൂർണ കുടിവെള്ള പദ്ധതി<br><br>S0068/18 | 27/2017-18.<br><br>dtd.27.10.17.<br><br>1651500/- | ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി എക്സി.എഞ്ചിനിയർ, പി.എച്ച്.ഡിവിഷൻ ഇരിങ്ങാലക്കുട. |
| മുനയം എസ്.സി.സമുച്ചത്തിലേക്ക് വാട്ടർ കണക്ഷൻ.<br><br>S0124/18. | 28/2017-18.<br><br>dtd.27.10.17.<br><br>25000/- | എക്സി.എഞ്ചിനിയർ, പി.എച്ച്.ഡിവിഷൻ ഇരിങ്ങാലക്കുട. |
| | 1898290 | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-8 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

എ). പ്രോജക്ടിന്റെ പേര് - 7 വയസ്സ് മുതലുള്ള കുട്ടികൾക്ക് സ്പോർട്സ്

കൗൺ സിലിന്റെ സഹായത്തോടെ കായീക പരിശാലനം.

പ്രോജക്ടിന്റെ നമ്പർ - S0118/18.

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്

ട്രഷറി ബിൽ നം 6/2017-18.dtd. 28.3.18. 150805/-

ട്രഷറി ബിൽ നം.8/2017-18. Dtd.31.3.18. 30000/-

മേൽ പ്രോജക്ടിൽ 7 ഇനം സ്പോർട്സ് സാധനങ്ങൾ ഗയിംസ് വേൾഡ് ഇരിങ്ങാലക്കട എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് 92000/- രൂപ നൽകിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പർച്ചേയ്സ് ചെയ്ത സ്ഥാപനത്തിന്റെ കൈപറ്റ് രശീത്, ഇൻവോയ്സ് എന്നിവ ഹാജരാക്കിയിട്ടില്ല. 19.11.17 മുതൽ 11.3.18 വരെ വോളിബോൾ പരിശീലനത്തിൽ പങ്കെടുത്തെന്ന പറയുന്ന കുട്ടികൾക്ക് പാല്, പഴം എന്നിവ നൽകിയതിന് ഐശ്വര്യ കുടുംബശ്രീ യൂണിറ്റിന് 58805/- രൂപ നൽകിയിട്ടുണ്ട്. ശ്രീ.രമേഷ്.ടി.വി.എന്ന വ്യക്തിയ്ക്ക് 30000/- രൂപ ന്ൽകിയിട്ടുണ്ട്. തുക എന്തിന് നൽകിയെന്നറിയില്ല.ടിയാളുടെ കൈപറ്റ് രശീത് വാങ്ങി സൂക്ഷിച്ചിട്ടില്ല.ജി.ഒ.(എം.എസ്) 80/2017/തസ്വഭവ തീയതി 3.4.2017.ഖണ്ഡിക നം 32-2ലെ 1,3,4,5,6,7 എന്നിവ പ്രകാരമുള്ള നടപടികൾ ക്രമങ്ങൾ പാലിച്ചിട്ടില്ല. ജി.ഒ.(പി)259/2010 തസ്വഭവ തീയതി.8.11.2010 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ നടപടിക്രമങ്ങൾ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങയതിൽ പാലിച്ചിട്ടില്ല. പ്രോജക്ട് എന്ന് തുടങ്ങി എന്ന് ആവസാനിച്ചു എന്ന വിവരങ്ങളും, ഓരോ സ്പേർട്സ് ഇനത്തിൽ പങ്കെടുത്ത കുട്ടികളുടെ ഹാജർ, പരിശീലകരുടെ യോഗ്യത മാനദണ്ഡം, വിശദമായ പ്രോജക്ട് റിപ്പോർട്ട്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുകളിൽ പറഞ്ഞ രേഖകളുടേയും സർക്കാർ ഉത്തരവുകളുടെ ലംഘനത്തിന്റെ അടിസ്ഥാനത്തിലും ചെലവഴിച്ച 180805/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി.) പ്രോജകടിന്റെ പേര് - 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് വോളിബോൾ പരിശീലനം (സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ)

പ്രോജക്ട് നം. - s0117/18

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം.

ട്രഷറി ബിൽ നം.1/2017-18. Dtd.22.8.17. 45241/-

ട്രഷറി ബിൽ നം.2/2017-18. Dtd.29.8.17. 20000/-

ട്രഷറി ബിൽ നം.3/2017-18.dtd.14.9.17. 20000/-

ട്രഷറി ബിൽ നം.7/2017-18.dtd. 28.3.18. 20951/-

സ്പിൽ ഓവർ പ്രോജക്ടായ മേൽ പ്രോജക്ടിൽ മുൻവർഷം 40960/-ചെലവഴിച്ചിട്ടുണ്ട്.തൻവർഷം പരിശീലന ഫീ, റിഫ്രഷ്മെന്റ് ചാർജ്, ജേഴ്സി വാങ്ങിയതിന് എന്നിങ്ങനെ മേൽ തുക ചെലവഴിച്ചിട്ടുണ്ട്.ഏതെല്ലാം ദിവങ്ങളിൽ പരിശീലനം നൽകി എന്ന് വ്യക്തമല്ല. പരിശീലകരുടെ യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല ബിൽ നം 2 പ്രകാരമുള്ള തുകയുടെ കൈപറ്റ് രശീത് ഹാജരാക്കിയിട്ടില്ല. 2.4.17 മുതൽ 10.5.17 വരെയുള്ള 35 ദിവസങ്ങളിൽ റിഫ്രഷ്മെന്റ് നൽകിയതിന് ഐശ്വര്യ കുടുംബശ്രീ യൂണിറ്റിന് ബിൽ നം 1 പ്രകാരം 45241/-രൂപ നൽകിയിട്ടുണ്ട്.ബിൽ നം 7 പ്രകാരം ഗയിംസ് വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും ജേഴ്സി വാങ്ങിയതിന് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ കൈപറ്റ് രശീത്.ഇൻവോയ്സ്, വിതരണ വിവരങ്ങൾ ഒന്നും ഹാജരാക്കിയിട്ടില്ല.ജി.ഒ (പി) 259/2010 dtd.8.11.2010, ജി.ഒ.(എം.എസ്)80/2017 dtd.3.4.17.ഖണ്ഡിക നം 32 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.രേഖകളുടെ അഭാവത്തിലും, സർക്കാർ ഉത്തരവുകൾ ലംഘിച്ചതിനാലും ചെലവ് തുക 106192/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.5/27.02.19)

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം. - S0126/18

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്സ്

ട്രഷറി ബിൽ നം.4/2017-18 dtd.16.3.18. 792370/-

ട്രഷറി ബിൽ നം. 5/2017-18. dtd. 21.3.18. 209745/-

മേൽ ട്രഷറി ബിൽ പ്രകാരമുള്ള തുക ജനിറ്റ്സ് ആന്റ് എ.വി.സിസ്റ്റംസ് തൃശ്ശൂർ എന്ന സ്ഥാപനത്തിന് 43 കമ്പ്യൂട്ടറുകൾ വാങ്ങിയതിന് നൽകിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ, പഞ്ചായത്ത് കമ്മിറ്റി ആംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് , പട്ടികജാതി വികസനവകുപ്പ് ഓഫീസറിൽ നിന്നും ബന്ധപ്പെട്ട വകുപ്പ് വഴി ലാപ് ടോപ്പ് വിതരണം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. മുകളിൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1002115/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

E- Tender No.HM 1/2017 dtd.22.12.17.എന്ന ഇ -ടെണ്ടർ പരസ്യ പ്രകാരം 7 സ്ഥാപനങ്ങൾ

ഇ – ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. ടെണ്ടർ പരസ്യത്തിൽ ടെണ്ടർ ഫോമിന്റെ വില 3540/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇ – ടെണ്ടർ ഫോം വില ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇ – ടെണ്ടർ ഫോം വില്പന വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 കന്നുകുട്ടി പരിപാലനം -അപാകതകൾ.

ട്രഷറി ബിൽ നം.7/2017-18 dtd.30.1.18. 156250/-

ട്രഷറി ബിൽ നം. 11/2017: 18, 24-02-18. 275000/-

മേൽ പ്രോജക്ടിൽ മൊത്തം 47 ഗുണഭോക്താകൾക്ക് രണ്ട് ഘട്ടങ്ങളായി കാട്ടൂർ സഹകരണ സംഘം വഴി കാലിതീറ്റ വിതരണം ചെയ്തുവരുന്നു.

ഗുണഭോക്താകളുടെ ആപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജി.ഒ.(എം.എസ്) 80/2017/തസ്വഭവ തിയതി.3.4.17.ഖണ്ഡിക നം.8-2-6 പ്രകാരം പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടിയുടെ നിബന്ധനകൾ പാലിക്കണം എന്നുപറയുന്നുണ്ട്. എന്നാൽ ആയത് സംബന്ധിച്ച യാതൊരു രേഖകളും എസ്.എൽ ബി.പി സർജനിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. കാലീതീറ്റ രജിസ്റ്റർ പരിശോധിച്ചതിൽ ചില ഗുണഭോക്താക്കൾ കാലിതീറ്റ തുടർച്ചയായി വാങ്ങുന്നില്ല. ഓഡിറ്റ് എൻക്വയറി 7/2019 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചില്ല. രേഖകൾ യഥാവിധി ഹാജരാക്കത്തതിനാൽ ചെലവ് തുക 431250തടസ്സപ്പെടുത്തുന്നു. പ്രോജക്ട് ആവസാനിക്കുന്ന മുറയ്ക്ക് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-11 മരാമത്തുഫയലുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ.

ഓഡിറ്റ് വർഷം മരാമത്തുഫയലുകളുടെ പരിശോധനയിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.ടെൻഡറിൽ ടെൻഡർ ഫോറത്തിന്റെ വില , രസീതി നമ്പർ എന്നിവ ചേർക്കുന്നില്ല.

2. പല ടെൻഡറുകളും സിംഗിൾ ടെൻഡറാണ്. ഏത് സാഹചര്യത്തിലാണ് സിംഗിൾ ടെൻഡർ സ്വീകരിച്ചത് എന്ന് വ്യക്തമായ തീർപ്പ് ഫയലിൽ ചേർത്തിട്ടില്ല.

3. തന്റേതല്ലാത്ത കാരണങ്ങളാൽ നിയമാനുസൃതസമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാകാത്ത പക്ഷം കരാറുകാരന്റെ അഭ്യർത്ഥനയിൽ അസി.എഞ്ചിനീയർക്ക് അന്വേഷണം നടത്തി പഞ്ചായത്ത് കമ്മിറ്റിക്ക് സമയം

ദീർഘിപ്പിച്ചു നൽകാവുന്നതുംസപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കാവുന്നതുമാണ്. എന്നാൽ ഓഡിറ്റ് വർഷം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുള്ള ഒരു പ്രവർത്തിയിലും ഈ വ്യവസ്ഥ പാലിച്ചിട്ടില്ല എന്നു കാണുന്നു.

4. ഒരു പ്രവർത്തിയിലും കംപ്ളീഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കാനും അഭ്യന്തരനിയന്ത്രണസംവിധാനം മെച്ചപ്പെടുത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### 4-1 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | മുൻബാക്കി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2017-18 | 2,05,489 | 1,05,000 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസ്കൂട്ടർ-എസ്.സി | 35,000 | 70,000 |
| | | | 70,000 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസ്കൂട്ടർ-ജനറൽ | 70,000 | 0 |
| | | | 1,06,250 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം-ജനറൽ | 1,06,250 | 0 |
| | | | 25,000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം-എസ്.സി. | 25,000 | 0 |
| | | | | നീക്കിയിരിപ്പ് | | 2,75,489 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,78,870 | 3,00,000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 3,00,000 | 3,78,870 |
| | | | 1,25,000 | മാനസിക ശാരീരിക | 1,25,000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം-ജനറൽ | | |
| | | | 25,000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം-എസ്.സി. | 25,000 | |
| | | | 1,25,000 | അങ്കൺവാടി അനുപൂരക പോഷകാഹാര പരിപാടി | 1,25,000 | |
| | | | 30,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 30,000 | |

ബാലൻസ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ 1-12ൽ ചേർത്തിരിക്കുന്നു.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മുൻബാക്കി | | 2,35,000 | 2,18,279 | 16,721 |
| | സമ്പൂർണ്ണ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ പൂർത്തീകരണം | 21701109 | 1,16,51,500 | 0 | 1,16,51,500 |
| | വാട്ടർ കണക്ഷൻ മുനയം എസ്.സി.സമുച്ചയം | 21701110 | 25,000 | 0 | 25,000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| കെ.എസ്.ഇ.ബി | മുൻബാക്കി | | 14,34,195 | 0 | 14,34,195 |
| പി.ഡബ്ല്യു.ഡി. | മുൻബാക്കി | | 1,48,500 | 0 | 1,48,500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണം | ജി.ഒ.നം.278/2010/ തസ്വഭവ. തീയതി. 27.01.2010 | 52,44,657 | 6,10,527 | 3,00,000 | | 3,10,527 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15,84,711 |
| തൻവർഷം നിക്ഷേപിച്ച തുക | 1,30,739 |
| ആകെ | 17,15,450 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 17,15,450 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,98,75,124 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,43,05,012 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,575/ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16,338/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹36,58,652 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 7,489 | ശ്രീ.ഷാജി ആർ.എസ്. അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 1,332 | | ശ്രീമതി.സിമി.വി.യു.അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 4,243 | | |
| 3-6 | | 8,849 | |
| ആകെ | 5,575 | 16,338 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 40,000 | ഭാനു ശാലിനി, കൃഷി ഓഫീസർ |
| 3-7 | 18,98,290 | ശ്രീ.ഷാജിക്.എം.എച്ച്,സെക്രട്ടറി |
| 3-8 (എ) | 1,80,805 | ശ്രീമതി.ശാലിനി.എസ്.,ഹെഡ് മിസ്ട്രസ് |
| 3-8 (ബി) | 1,06,192 | |
| 3-9 | 10,02,115 | |
| 3-10 | 4,31,250 | ഡോ.ശ്യാമ.എസ്.,വെറ്റിനറി സർജ്ജൻ |
| ആകെ | ₹36,58,652 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജി.ആർ.എസ്. | അസി.സെക്രട്ടറി,കാട്ടൂർ ഗ്രാമപഞ്ചായത്ത് | സരസ്സ്, ഉച്ചക്കട, പയറ്റ് വിള പി.ഒ., തിരുവനന്തപുരം |
| ശ്രീമതി.സിമി.വി.യു. | അസി.എഞ്ചിനീയർ,പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | തൊഴുത്തുംപറമ്പിൽ, ഹിൽവ്യൂ റോഡ്, ഇരിങ്ങാലക്കുട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 92-93,<br>93-94 | എൽ.എഫ്.ടി.(എസ്2)-1132/11<br>തി. 20.10.11/07.12.11 | | |
| 94-95,<br>95-96 | കെ.എസ്.എ-ടി.എസ്.ആർ/ പി7/261/2016/29-2-16(ഓഡിറ്റ് അദാലത്ത്) | 10 | |
| 96-97 | കെ.എസ്.എ-ടി.എസ്.ആർ/ പി7/261/2016/29-2-16(ഓഡിറ്റ് അദാലത്ത്) | 12 | |
| 97-98 | കെ.എസ്.എ-ടി.എസ്.ആർ/ പി7/261/2016/29-2-16(ഓഡിറ്റ് അദാലത്ത്) | 5 | |
| 98-99<br>(വരവ്)<br>(ചെലവ്) | കെ.എസ്.എ-ടി.എസ്.ആർ/ പി7/261/2016/29-2-16(ഓഡിറ്റ് അദാലത്ത്) | 13 | |
| 99-2000 | കെ.എസ്.എ-ടി.എസ്.ആർ/ പി7/261/2016/29-2-16(ഓഡിറ്റ് അദാലത്ത്) | 2 | |
| 00-01,<br>01-02 | എൽ.എഫ്.ടി.(16)-1797/03<br>തി.16.05.04 | | |

| | | | |
|---|---|---|---|
| 00-01 | എൽ.എഫ്.ടി.(16)-867/04 തി.04.01.05 | | |
| 01-02 | എൽ.എഫ്.ടി.(16)-1872/06 തി.07.06.07/05.10.07 | | |
| 02-03 | എൽ.എഫ്.ടി.(16)-1767(എ)/07 തി.10.03.08 | | |
| 03-04 | എൽ.എഫ്.ടി.(16)-1767/07 തി. 10.03.08 | | |
| 04-05 | എൽ.എഫ്.ടി.(16)-62/09 തി.15.12.09 | | |
| 05-06 | എൽ.എഫ്.ടി.(16)-636/10 തി.23.12.10 | | |
| 06-07 | എൽ.എഫ്.ടി.(16)-637/10 തി.23.12.10 | | |
| 07-08 | എൽ.എഫ്.ടി.(പി11)-976/11 തി. 24.11.11 | | |
| 08-09 | എൽ.എഫ്.ടി.(പി11)-977/11 തി.24.11.11 | | |
| 09-10 | എൽ.എഫ്.ടി.(പി3)-1080/12 തി.12.10.12/08.02.13 | | |
| 10-11 | എൽ.എഫ്.ടി.(പി3)-1081/12 തി.12.10.12/08.02.13 | | |
| 11-12 | എൽ.എഫ്.ടി(പി3)-712/13തി.23.09.13 | | |
| 12-13 | കെ. എസ്. എ. ടി. എസ്. അർ (പി 7)-379/14തീ. 17.11.2015/05.12.15 | | |
| 2013-14 | കെ. എസ്. എ. ടി. എസ്. അർ (പി 7)-196/16തി. 11.2.2016/05.3.16 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി7)933/2016 തീ.13.06.16 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി7)2170/2016 തീ.17.01.17 | | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി7)1074/2017 തീ.27.07.17 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br><br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ